(സി) ഈ മേഖലയിലെ ജീവനക്കാർക്ക് മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത മേഖലയിലെ ജീവനക്കാരുടെ സേവന-വേതന സംരക്ഷണത്തിനും തൊഴിൽ ഉറപ്പുവരുത്തുന്നതിനും ശക്തമായ ഇടപെടൽ നടത്തുമോ; വിശദമാക്കുമോ?

ഉത്തരം

(എ) ഐ.ടി. മേഖലയിലെ കമ്പനികൾ ജീവനക്കാരെ കുറയ്ക്കുന്ന സ്ഥിതിവിശേഷം നിലവിലുള്ളതായി പരാതികളൊന്നും ലഭിച്ചിട്ടില്ല.

(ബി) കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള 977 സ്ഥാപനങ്ങളിലായി 72973 ജീവനക്കാർ ജോലി ചെയ്യുന്നു.

(സി) കമ്പ്യൂട്ടർ സോഫ്റ്റ്‌വെയർ മേഖലയിൽ മിനിമം വേതനം നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ടി മേഖലയിലെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനായി മിനിമം വേതനം ഉപദേശക സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതുസംബന്ധിച്ച് തെളിവെടുപ്പിനായി ഉപസമിതി രൂപീകരിച്ച് പ്രവർത്തനം നടന്നുവരുന്നു.

(ഡി) ടി മേഖലയിലെ ജീവനക്കാരുടെ സേവന വേതന സംരക്ഷണത്തിനായി തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ സ്ഥാപന പരിശോധനകൾ നടത്തി തുടർനടപടികൾ സ്വീകരിക്കാറുണ്ട്. 2019-ൽ നാളിതുവരെ 23 സ്ഥാപന പരിശോധനകൾ നടത്തുകയും കണ്ടെത്തിയ തൊഴിൽ നിയമ ലംഘനങ്ങൾ പരിഹരിക്കാത്തതിനാൽ 4 പ്രോസിക്യൂഷൻ കേസുകൾ ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്.

**അസംഘടിത മേഖലയിലെ നിയമ ലംഘനങ്ങൾ**

255(4280) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസംഘടിത മേഖലയിൽ നിയമ ലംഘനങ്ങൾ കണ്ടെത്തുന്നതിനും അത് തടയുന്നതിനും തൊഴിൽ വകുപ്പിൽ നിലവിലുള്ള സംവിധാനം എന്താണ്;

(ബി) തൊഴിലാളികൾക്ക് തൊഴിൽ പരിരക്ഷ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ജീവനക്കാർക്ക് വിശ്രമിക്കുന്നതിനും വിശ്രമ ഇടവേളകളിൽ ഇരിക്കുവാനുമുള്ള സൗകര്യം തൊഴിലുടമ നൽകുന്നുണ്ടോ എന്ന കാര്യം പരിശോധനാ വിഷയമാക്കാറുണ്ടോ;

(സി) ഇത് ഉറപ്പാക്കാത്ത സ്ഥാപനങ്ങൾക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇതര സംസ്ഥാന തൊഴിലാളികൾ കൂടുതലായി പ്രവർത്തിക്കുന്ന നിർമ്മാണ മേഖലയിൽ തൊഴിലാളികൾക്ക് വിവിധ നിയമപ്രകാരം ലഭിക്കേണ്ട പരിരക്ഷ ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ഇ) മിനിമം വേതനം പുതുക്കി നിശ്ചയിക്കേണ്ട തൊഴിൽ മേഖലകളിൽ മൂന്ന് വർഷം പൂർത്തിയാകുന്ന മുറയ്ക്ക് ആയത് പുതുക്കി നിശ്ചയിക്കുന്നതിന് സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) അസംഘടിത മേഖലയിലെ നിയമ ലംഘനങ്ങൾ കണ്ടെത്തുന്നതിനും അത് തടയുന്നതിനും തൊഴിൽ വകുപ്പിൽ അഡീഷണൽ ലേബർ കമ്മീഷണറുടെ (എൻഫോഴ്സ്മെന്റ്) നേതൃത്വത്തിൽ ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്)-മാരും അസിസ്റ്റന്റ് ലേബർ ഓഫീസർ (ഗ്രേഡ് II)-മാരും സ്പെഷ്യൽ ഡ്രൈവ്, ജില്ലാതല സ്ക്വാഡ് പരിശോധനകൾ, സ്ഥാപന പരിശോധനകൾ എന്നിവ നടത്തിവരുന്നു. കണ്ടെത്തുന്ന നിയമ ലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കുകയും മിനിമം വേതനം നൽകാത്ത കേസുകളിൽ ക്ലെയിം പെറ്റീഷനും മറ്റ് വിവിധ നിയമലംഘനങ്ങൾക്ക് പ്രോസിക്യൂഷനും ഫയൽ ചെയ്തുവരുന്നു. തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനും വേതന വിതരണത്തിൽ സുതാര്യത ഉറപ്പുവരുത്തുന്നതിലേയ്ക്കുമായി വേതന സുരക്ഷ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. തൊഴിൽ വകുപ്പ് ആരംഭിച്ച കോൾസെന്റർ മുഖേന വകുപ്പിനെ സംബന്ധിച്ചുള്ള സംശയങ്ങളും പരാതികളും രാവിലെ 7 മണി മുതൽ വൈകുന്നേരം 7 മണി വരെയുള്ള സമയത്ത് വിളിച്ച് പരിഹാരം കാണാവുന്നതാണ്. ഹെൽപ്പ് ലൈനിലൂടെ ലഭിക്കുന്ന പരാതികൾ തത്സമയം രജിസ്റ്റർ ചെയ്യപ്പെടുകയും അതാത് ഇൻസ്പെക്ടർമാർക്ക് കൈമാറി യഥാസമയംതന്നെ അതിന്മേൽ നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തുവരുന്നു.

(ബി) ഉണ്ട്.

(സി) ഇരിപ്പിടം നൽകാത്തതുൾപ്പെടെയുള്ള തൊഴിൽ നിയമ ലംഘനങ്ങൾ കണ്ടെത്തിയ സ്ഥാപനങ്ങൾക്ക് പരിശോധനാ ഉത്തരവ്, കാരണം കാണിക്കൽ നോട്ടീസ് എന്നിവ നൽകി പ്രോസിക്യൂഷൻ ഫയൽ ചെയ്യുന്നതുൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഇതര സംസ്ഥാന തൊഴിലാളികൾ കൂടുതലായി പ്രവർത്തിക്കുന്ന നിർമ്മാണ മേഖലകളിൽ തൊഴിലാളികൾക്ക് ലഭിക്കേണ്ട പരിരക്ഷ ഉറപ്പുവരുത്തുന്നതിനായി തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ പരിശോധനകൾ നടത്തുകയും കണ്ടെത്തുന്ന

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

നിയമലംഘനങ്ങൾക്ക് നോട്ടീസ് നൽകുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട പരിശോധനകൾക്കായി ഓരോ ജില്ലയിലും ജില്ലാ ലേബർ ഓഫീസർ (ഇ)മാരെയും അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് I-നെയുമാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. തൊഴിൽ, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പുകളാണ് സുരക്ഷാ മാനദണ്ഡങ്ങൾ സംബന്ധിച്ച നടപടികൾ സ്വീകരിച്ചുവരുന്നത്. കൂടാതെ ഇപ്രകാരം സുരക്ഷാ മാനദണ്ഡങ്ങൾ ഒരുക്കാതെ നിർമ്മാണം നടക്കുന്നത് ശ്രദ്ധയിൽപ്പെടുമ്പോൾതന്നെ ഇൻസ്പെക്ടർമാർ സ്ഥല പരിശോധന നടത്തുകയും നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവയ്ക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. കെട്ടിട നിർമ്മാണ മേഖലയിൽ തൊഴിലാളികൾക്ക് ആരോഗ്യവും സുരക്ഷയും ഉറപ്പുവരുത്തുന്നതിലേയ്ക്ക് സുരക്ഷാ മാന്വലിൽ സുരക്ഷാ ആഡിറ്റിംഗിന് യോഗ്യതയുള്ള ഏജൻസികളെ കണ്ടെത്തുന്നതിനുള്ള വ്യവസ്ഥകൾ/ മാർഗ്ഗ നിർദ്ദേശങ്ങൾ നിലവിലില്ല. ആയതിനാൽ സുരക്ഷാ ആഡിറ്റിംഗിനായി അക്രെഡിറ്റേഷൻ ബോർഡുകളുടെ അംഗീകാരം ലഭിച്ച ഏജൻസികളെ നിയോഗിക്കണമെന്ന വ്യവസ്ഥ സുരക്ഷാ മാന്വലിൽ ഉൾപ്പെടുത്തുവാനുള്ള നടപടി വകുപ്പിൽ സ്വീകരിച്ചുവരുന്നു. നിർമ്മാണ മേഖല ഉൾപ്പെടെ വിവിധ തൊഴിൽ മേഖലകളിൽ പണിയെടുക്കുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് 2 ലക്ഷം രൂപയുടെ അപകട മരണ ഇൻഷ്വറൻസും 15,000 രൂപയുടെ ചികിത്സാ സഹായവും നൽകുന്ന ആവാസ് പദ്ധതി തൊഴിൽ വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്.

(ഇ) മിനിമം വേതന വിജ്ഞാപനങ്ങൾ 5 വർഷത്തിൽ കവിയാത്ത കാലയളവിലാണ് പുതുക്കി വരുന്നത്. കാലാവധി കഴിഞ്ഞിട്ടും മിനിമം വേതനം പുതുക്കി നിശ്ചയിക്കാത്ത മേഖലകളിലെല്ലാംതന്നെ ആയത് പുതുക്കി നിശ്ചയിക്കുന്നതിനായി തെളിവെടുപ്പുകൾ നടത്തി സർക്കാരിന് ശിപാർശ സമർപ്പിക്കുന്നതിനായി മിനിമം വേതന ഉപദേശക സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിനായി മിനിമം വേതന ഉപദേശക സമിതിയുടെ കീഴിൽ സബ്കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി മിനിമം വേതനം നിശ്ചയിച്ച 4 മേഖലകൾ ഉൾപ്പെടെ 29 മേഖലകളിൽ മിനിമം വേതനം നിശ്ചയിച്ച് അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ 10 തൊഴിൽ മേഖലകളിൽ പ്രാഥമിക വിജ്ഞാപനവും പുറപ്പെടുവിച്ചിട്ടുണ്ട്.